**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1025

03.12.2014-ലെ മറുപടിയ്ക്ക്

**കോവളം ക്രാഫ്റ്റ് വില്ലേജ്**

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

ഉത്തരം

**ശ്രീ.എ.പി.അനിൽകുമാർ**
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) സംസ്ഥാന ടൂറിസം വകുപ്പ് കോവളത്തിനടുത്ത് സ്ഥാപിച്ച ക്രാഫ്റ്റ് വില്ലേജിനു വേണ്ടി ആകെ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ള തെന്നും; ഏതെല്ലാം ഘട്ടങ്ങളിലായി എത്ര ഏക്കർ സ്ഥലത്താണെന്നും, എന്തെല്ലാം സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(എ) കോവളം ആർട്ട് & ക്രാഫ്റ്റ് വില്ലേജിന്റെ ഒന്നാം ഘട്ടത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിയിരുന്നു. 6,20,00,000/- രൂപ നിർമ്മാണ നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടമായി കോവളത്ത് സ്ഥാപിച്ച ആർട്ട് & ക്രാഫ്റ്റ് വില്ലേജ്, Revitalization of Kovalam Craft Village (KERAL HAAT) എന്ന പേരിൽ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയ പദ്ധതിയുടെ വിവരങ്ങൾ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | ഭരണാനുമതി നൽകിയ തുക | നിർവ്വഹണ ഏജൻസിക്ക് കൈമാറിയ തുക |
|---|---|---|---|
| 1 | Entertainment zone | 4.5 കോടി | 3.6 കോടി |
| 2 | Marketing zone | 2.5 കോടി | 2 കോടി |

ഇതിന്റെ നിർമ്മാണത്തിനായി 9.10 ഏക്കർ (3.685 ഹെക്ടർ) സ്ഥലം എടുത്തിട്ടുണ്ട്. കൂടാതെ കേന്ദ്ര സഹായത്തോടെ shops, stalls, rest room/ toilets, restaurant, Rustic amphi theatre, food court, thattukada, traditional theatre, service block തുടങ്ങിയവ യുടെയും സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ additional stall, modification of food court and thattukada, signages, security cabin,

parking, landscaping, bio gas plant, performance area, pavilion / mandapam, amphi theatre, view points or children's play area, informal interaction space, Herbal garden, landscaping / seating, Exhibition boutlevards മുതലായവ യുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) ഏതെല്ലാം ക്രാഫ്റ്റുകളാണ് വില്ലേജിൽ ഉൽപ്പാദിപ്പിച്ചു തുടങ്ങിയിരിക്കുന്നത്; എത്ര പേർ ജോലി നോക്കി വരുന്നു; ക്രാഫ്റ്റ് വില്ലേജിന്റെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രത്തിൽ പ്രതിദിനം എത്ര ടൂറിസ്റ്റുകൾ സന്ദർശനം നടത്താറുണ്ടെന്നും, പ്രസ്തുത ടൂറിസം ഡെസ്റ്റിനേഷനിൽ എന്തെല്ലാം സൗകര്യങ്ങൾ പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്നും പൂർണ്ണ തോതിലുള്ള പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

**(ബി) യും (സി) യും**

പ്രസ്തുത ക്രാഫ്റ്റ് വില്ലേജിന്റെ 2-ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്.

(ഡി) പ്രസ്തുത കേന്ദ്രത്തിന്റെ സ്ഥലവും കെട്ടിടവും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

(ഡി) പ്രസ്തുത കേന്ദ്രത്തിന്റെ സ്ഥലവും കെട്ടിടവും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ